**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3631** **08-10-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് ജില്ലാതല എക്സിബിഷനുകളിൽ ഭരണനേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന വീഡിയോ തയാറാക്കുന്നതിനായി ബഹു.രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ടി ഇനത്തിൽ 59,000/- (അൻപത്തി ഒൻപതിനായിരം) രൂപയുടെ ബിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി തുക അനുവദിച്ച് നൽകിയിട്ടില്ല.<br><br>കൂടാതെ 2023 -ൽ സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വകുപ്പിലെ പത്ത് ഓഫീസുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവേസ്റ്റേഷനുകളിൽ ഡിജിറ്റൽ പരസ്യം സർക്കാർ അംഗീകൃത നിരക്കിൽ Play Ads Advertisement Spaces Pvt. Ltd Ernakulam എന്ന സ്ഥാപനം മുഖേന നൽകിയിട്ടുണ്ട്. ടി പരസ്യത്തിന് കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് 3,14,666/- (മൂന്നു ലക്ഷത്തി പതിനാലായിരത്തി അറുനൂറ്റി അറുപത്തി ആറ്) രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | പരസ്യ ഇനത്തിൽ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് ആകെ 3,14,666/- (മൂന്നു ലക്ഷത്തി പതിനാലായിരത്തി അറുനൂറ്റി അറുപത്തി ആറ്) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ